**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. *382**

**19/03/2018 ൽ മറുപടിക്ക്**

## കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.എൻ. വിജയൻ പിള്ള**
**ശ്രീ.എം. നൗഷാദ്**
**ശ്രീമതി.യു.പ്രതിഭ ഹരി**
**ശ്രീ.വി. ജോയി**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

(എ) വിയറ്റ്നാം പോലുള്ള രാജ്യങ്ങൾ കശുമാവ് കൃഷി തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങൾ കശുവണ്ടി സംസ്കരണ രംഗത്ത് പ്രവേശിച്ചതും ആഗോള കശുവണ്ടി വ്യവസായ രംഗത്ത് സൃഷ്ടിച്ച കടുത്ത മത്സരം കേരളത്തിന്റെ കശുവണ്ടി മേഖലയെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

എ) വിയറ്റ്നാം പോലുള്ള രാജ്യങ്ങളും ആഫ്രിക്കൻ രാജ്യങ്ങളും കശുവണ്ടി സംസ്കരണ രംഗത്ത് പ്രവേശിച്ചതു മൂലം ആഗോള കശുവണ്ടി വ്യവസായ രംഗത്ത് കടുത്ത മത്സരമാണ് ഉണ്ടാവുന്നത്. ഇതിന്റെ ഫലമായി തോട്ടണ്ടിയുടെ വില കൂടുകയും ഇറക്കുമതി കുറയുകയും ചെയ്തതിനാൽ സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിനു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. യന്ത്രവല്കൃത ഫാക്ടറികൾ വലിയ വിലയ്ക്ക് തോട്ടണ്ടി വാങ്ങിയത് ഈ മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കി. ഇന്ത്യാ ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതും കാഷ്യൂ മേഖലയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായാണ് സംസ്ഥാന സർക്കാർ കാഷ്യൂബോർഡ് രൂപീകരിച്ചത്.

തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി ലഭ്യമാക്കുക എന്നതാണ് കേരള കാഷ്യൂ ബോർഡിന്റെ ലക്ഷ്യം. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട്

സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു.

കൂടാതെ കൃഷി വകുപ്പിന്റെയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി,കണ്ണൂർ ജില്ലയിലെ നാട്ടുകാണി എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപറേഷൻ, ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്, മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി 2017 ൽ സംഭരിച്ചതു പോലെ 2018 ലും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും അതാത് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിനും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനുമായി നൽകുന്നതിനും ധാരണയാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഷ്യൂ കോർപ്പറേഷനും കാപെക്സിനും നാടൻ തോട്ടണ്ടി ലഭിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചു. തോട്ടണ്ടി ലഭിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് കശുവണ്ടി ലഭിക്കുന്നതിനുള്ള നടപടി തുടരുന്നു. ചീമേനി തുറന്ന ജയിലിൽ നിന്ന് തോട്ടണ്ടി ലഭിക്കാൻ ധാരണയായിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | കശുവണ്ടി വ്യവസായ മേഖലയിൽ കേരള സംസ്ഥാന കശുവണ്ടി വികസന | (ബി) അവലോകനം ചെയ്യാറുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ | | വിവിധ ബാങ്കുകൾക്ക് നൽകാനുള്ള വായ്പാ കുടിശ്ശികയായ 80 കോടി രൂപ OTS പ്രകാരം സർക്കാർ നൽകുകയും കോർപറേഷൻ തുടർ പ്രവർത്തനങ്ങൾക്ക് സ്വന്തമായി ബാങ്ക് ലോൺ കണ്ടെത്തണമെന്നു നിഷ്കർഷിക്കുകയും അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കശുമാവിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് & കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്; | (സി) (ഡി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റ,കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉല്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു കശുവണ്ടിപ്പരിപ്പ് എന്നിവയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കോർപറേഷന്റെ 10 ഫാക്ടറികളുടെ ഔട്ട്ലെറ്റുകൾ വഴി 2/2/2018 തീയതി മുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം നടത്തി വരികയാണ്. കൂടാതെ കശുമാങ്ങയിൽ നിന്നും കാഷ്യൂ ജാം, കാഷ്യൂ ആപ്പിൾ വിനാഗിരി, കാഷ്യൂ ആപ്പിൾ കാൻഡി, ആപ്പിൾ സ്ക്വാഷ് എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകി വരുന്നു. ഇതിനുപരി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു കാര്യമായി ഇടപെടേണ്ടതുമാണ്. ഫാക്ടറിതലത്തിൽ പ്രൊഡക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ നിർദ്ദേശം കാഷ്യൂ കോർപറേഷനു നൽകിയിട്ടുണ്ട്. അന്തർദേശീയ മാർക്കറ്റിൽ നമ്മുടെ കശുവണ്ടിപ്പരിപ്പിന്റെ രുചിയും ഗുണനിലവാരവും ഉയർത്തിക്കാട്ടി കേര ബ്രാൻഡ് ലേബലിൽ കൂടുതൽ വില ലഭിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. |
| (ഡി) | അന്തർദേശീയ കമ്പോളത്തിൽ മെച്ചപ്പെട്ട വില്പന തന്ത്രങ്ങൾ ആവിഷ്കരിച്ച് മികച്ച വില നേടിയെടുക്കുന്നതിനോടൊപ്പം പ്രാദേശിക കമ്പോളത്തിൽ വിൽപ്പനയുടെ അളവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**